ഉത്തരം

പദ്ധതി ചെലവുകൾ നേരിടുന്നതിനുവേണ്ടി ആസൂത്രണ കമ്മീഷന്റെയും കേന്ദ്രസർക്കാരിന്റെയും അംഗീകാരത്തോടുകൂടി മാത്രമേ സംസ്ഥാന സർക്കാരിന് കടം വാങ്ങാൻ സാധിക്കുകയുള്ളൂ. അപ്രകാരം കടം വാങ്ങുന്ന തുക പദ്ധതിയേതര ചെലവുകൾക്ക് നീക്കിവയ്ക്കാറില്ല.

പൊതുധനസ്ഥിതിയെക്കുറിച്ചുള്ള ധവളപത്രം

4 [1136] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ മൂന്ന് വർഷത്തിനിടയ്ക്ക് പൊതുകടത്തിൽ എത്ര കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ ഏതെല്ലാം ഏജൻസികളിൽ നിന്നാണ് സർക്കാർ കടമെടുത്തിട്ടുള്ളതെന്നും അവ ഏതെല്ലാം മേഖലകളിൽ വിനിയോഗിച്ചെന്നും വിശദമാക്കുമോ;

(സി) സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതിയെക്കുറിച്ച് ധവളപത്രം പുറപ്പെടുവിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) 31-3-2004 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ടി കണക്കുകളുടെ അടിസ്ഥാനത്തിൽ 1-4-2001 മുതൽ 31-3-2004 വരെയുള്ള കാലയളവിൽ പൊതുകടത്തിലുണ്ടായ വർദ്ധനവ് 12,315 കോടി രൂപയാണ്.

(ബി) കേന്ദ്ര സർക്കാരിൻ നിന്നും എൽ.ഐ.സി., ജി.ഐ.സി., നബാർഡ്, എൻ.സി.ഡി.സി. എന്നീ ധനകാര്യ ഏജൻസികളിൽ നിന്നും കടമെടുത്തിട്ടുണ്ട്. എൽ.ഐ.സി. വായ്പകൾ ഭവനനിർമ്മാണത്തിനും, ജി.ഐ.സി. വായ്പകൾ ഭവന നിർമ്മാണത്തിനും, അഗ്നിശമന സാമഗ്രികൾക്കായും, നബാർഡ് വായ്പകൾ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസനത്തിനും, എൻ.സി.ഡി.സി. വായ്പകൾ സഹകരണ മേഖലയിലും, കേന്ദ്രസർക്കാരിൽ നിന്നുള്ള വായ്പകൾ സംസ്ഥാന പദ്ധതികൾക്ക് പൊതുവായും കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായും ഉപയോഗപ്പെടുത്തിവരുന്നു.

(സി) പൊതുധനസ്ഥിതിയെ സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും നിയമസഭയ്ക്കും മാധ്യമങ്ങളിലൂടെ പൊതുജനങ്ങൾക്കും ലഭ്യമാക്കിയിട്ടുള്ളതിനാൽ ഇത് സംബന്ധിച്ച് പ്രത്യേകം ഒരു ധവളപത്രം ഇറക്കേണ്ടതിന്റെ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly